05/DGE/HSE/NSS/2024

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com
തീയതി : 29.01.2024

# സർക്കുലർ

## 'തെളിമ' -2023-24

വിഷയം : പിന്നാക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് പൊതുപരീക്ഷകൾക്കായി കൈത്താങ്ങ് നൽകുന്ന പരിപാടി

സൂചന : ഹയർ സെക്കന്ററി ഉപദേശകസമിതി തീരുമാനങ്ങൾ നം.11 (2023 മെയ് 26)

കോവിഡ് പശ്ചാത്തലത്തിൽ പഠനവിടവ് സംഭവിച്ച വിദ്യാർത്ഥികളെ ടി പ്രശ്നം പരിഹരിക്കുന്നതിനും പൊതുപരീക്ഷകളെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കുന്നതിനും അവരെ സഹായിക്കുന്ന പദ്ധതിയായി ആവിഷ്ക്കരിച്ച 'തെളിമ' പദ്ധതി ഈ വർഷത്തെ സാഹചര്യത്തിനനുസരിച്ച് നടപ്പിലാക്കാൻ സൂചന പ്രകാരം തീരുമാനിച്ചിരുന്നു.

പിന്നാക്ക മേഖലകളിൽ പഠന സൗകര്യങ്ങൾ കുറഞ്ഞ വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുകൊണ്ടാണ് 'തെളിമ 2023-24' നടപ്പിലാക്കുന്നത്. താഴെപറയുന്ന പ്രവർത്തനങ്ങളാണ് 'തെളിമ 2023-24' ന്റെ ഭാഗമായി നടപ്പിലാക്കാവുന്നത്.

**പ്രധാനപ്രവർത്തനങ്ങൾ**

1. മുൻ വർഷങ്ങളിൽ തയ്യാറാക്കപ്പെട്ട ലഘൂകരിച്ച പഠന സാമഗ്രികൾക്ക് ആവശ്യമായ മാറ്റങ്ങൾ വരുത്തി ഈ വർഷത്തിലും ഉപയോഗപ്പെടുത്തൽ.
2. ഓരോ വിദ്യാലയങ്ങളിലേയും ചുമതലക്കാരുമായി ബന്ധപ്പെട്ട് ആവശ്യകതയുള്ള വിദ്യാർത്ഥികളെ കണ്ടെത്താനുള്ള ഇടപെടൽ.
3. 'പിയർ ഗ്രൂപ്പു'കളെ തയ്യാറാക്കി സഹവർത്തിതപഠനത്തിനുള്ള സാഹചര്യം ഒരുക്കി നൽകൽ.
4. പിന്നാക്ക മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക പഠന കേന്ദ്രങ്ങൾ തയ്യാറാക്കുകയും പൊതുജന പങ്കാളിത്തത്തോടെ ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യുക.
5. വിദ്യാർത്ഥികൾക്ക് വീടുകളിൽ പഠനസാഹചര്യങ്ങളുടെ കുറവുണ്ടെങ്കിൽ ടി സാഹചര്യം മെച്ചപ്പെടുത്താനുള്ള ഗുണപരമായ ഇടപെടൽ നടത്തുക.

   (പഠനമേശ, ഉപകരണങ്ങൾ, വെളിച്ച സൗകര്യം മുതലായവ)

6. പരീക്ഷകളെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കാൻ ആവശ്യമായ പിന്തുണ ഒരുക്കൽ
7. രക്ഷാകർത്താക്കൾക്ക് ആവശ്യമായ ബോധവൽക്കരണം

ഓരോ ജില്ലയിലും സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളും ആരംഭിക്കുന്ന പഠനകേന്ദ്രങ്ങളും സംബന്ധിച്ച് ജില്ലാ കൺവീനർമാർ 2024 ഫെബ്രുവരി 2 നു മുൻപായി സംസ്ഥാന സെല്ലിൽ അറിയിക്കേണ്ടതാണ്.

ജില്ലാതലങ്ങളിൽ പൊതുജനപങ്കാളിത്തത്തോടെയും ജനപ്രതിനിധികളുടെ നേതൃത്വത്തിലും 'തെളിമ 2023-24' ജില്ലാതല ഉദ്ഘാടനം സംഘടിപ്പിക്കാവുന്നതാണ്. പ്രവർത്തനങ്ങളുടെ ക്രമാനുഗതമായ വിലയിരുത്തലിന് ജില്ലാതലത്തിൽ ക്രമീകരണം ചെയ്ത് റിപ്പോർട്ട് നൽകേണ്ടതാണ്.

പ്രോഗ്രാം കോ-ഓർഡിനേറ്റർ